പ്രപഞ്ചനാഥനായ അല്ലാഹുവിനോട് താൻ ചെയ്ത തെറ്റ് അവൻ പൊറുക്കണമെന്നാഗ്രഹിക്കുന്നവൻ തന്റെ സഹോദരൻ തന്നോട് ചെയ്ത തെറ്റ് പൊറുക്കാൻ വിസമ്മതിച്ചുകൂടാ. അതു മനുഷ്യസാഹോദര്യത്തിന്റെയും പരസ്പരമുണ്ടായിരിക്കേണ്ട കാരുണ്യത്തിന്റെയും തേട്ടമാകുന്നു.



يَا أَيُّهَا الَّذِينَ آمَنُوا لَا تَتَّبِعُوا خُطُوَاتِ الشَّيْطَانِ ۚ وَمَن يَتَّبِعْ خُطُوَاتِ
الشَّيْطَانِ فَإِنَّهُ يَأْمُرُ بِالْفَحْشَاءِ وَالْمُنكَرِ ۚ وَلَوْلَا فَضْلُ اللَّهِ عَلَيْكُمْ
وَرَحْمَتُهُ مَا زَكَىٰ مِنكُم مِّنْ أَحَدٍ أَبَدًا وَلَٰكِنَّ اللَّهَ يُزَكِّي مَن يَشَاءُ ۗ
وَاللَّهُ سَمِيعٌ عَلِيمٌ ﴿٢١﴾

**21.** അല്ലയോ സത്യധർമങ്ങളിൽ വിശ്വസിച്ചവരേ, ചെകുത്താന്റെ കാൽപാടുകൾ പിന്തുടരാതിരിക്കുവിൻ. വല്ലവരും ചെകുത്താന്റെ കാൽപാടുകൾ പിന്തുടരുന്നുവെങ്കിൽ ഓർത്തിരിക്കുക, ചെകുത്താൻ അവരോട് കൽപിക്കുന്നത് അനാശാസ്യ നടപടികളും ദുർവൃത്തികളും മാത്രമായിരിക്കും. അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും ഇല്ലായിരുന്നുവെങ്കിൽ നിങ്ങളിൽ ഒരാളും ഒരിക്കലും സംസ്കൃതനാകുമായിരുന്നില്ല. പ്രത്യുത, അല്ലാഹു അവനിഛിക്കുന്നവരെ സംസ്കരിക്കുന്നു. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമല്ലോ.

**21**

يَا أَيُّهَا الَّذِينَ آمَنُوا = അല്ലയോ (സത്യധർമങ്ങളിൽ) വിശ്വസിച്ചവരേ   لَا تَتَّبِعُوا = നിങ്ങൾ പിന്തുടരാതിരിക്കുവിൻ

خُطُوَاتِ الشَّيْطَانِ = ചെകുത്താന്റെ ചുവടുകൾ (കാൽപാടുകൾ)

وَمَنْ يَتَّبِعْ = വല്ലവനും പിന്തുടരുന്നുവെങ്കിൽ (അവർ ഓർത്തിരിക്കട്ടെ)   خُطُوَاتِ الشَّيْطَانِ = ചെകുത്താന്റെ കാൽപാടുകൾ

فَإِنَّهُ يَأْمُرُ = തീർച്ചയായും അവൻ കൽപ്പിക്കുന്നു (ചെകുത്താൻ അവരോട് കൽപ്പിക്കുന്നത്)

بِالْفَحْشَاءِ = അനാശാസ്യം (നടപടികളും)   وَالْمُنْكَرِ = ദുർവൃത്തികളും (മാത്രമായിരിക്കും)

وَلَوْلَا فَضْلُ اللَّهِ عَلَيْكُمْ وَرَحْمَتُهُ = നിങ്ങളിൽ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും ഇല്ലായിരുന്നുവെങ്കിൽ

مَا زَكَىٰ = സംസ്കാരം നേടിയില്ല (സംസ്കൃതനാകുമായിരുന്നില്ല)   مِنْكُمْ مِنْ أَحَدٍ = നിങ്ങളിൽനിന്ന് ഒരാളും

أَبَدًا = ഒരിക്കലും   وَلَٰكِنَّ اللَّهَ يُزَكِّي = പ്രത്യുത, അല്ലാഹു സംസ്കരിക്കുന്നു   مَنْ يَشَاءُ = അവൻ ഇഛിക്കുന്നവരെ

وَاللَّهُ سَمِيعٌ عَلِيمٌ = അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമല്ലോ

നേരത്തേ നൽകിയതുപോലുള്ള ഉദ്ബോധനം തന്നെയാണിതും. താൽപര്യമിതാണ്: ചെകുത്താൻ നിങ്ങളുടെ ബദ്ധവൈരിയാണ്. അവന്റെ കാൽപാടുകൾ പിന്തുടരാതിരിക്കാൻ ശ്രദ്ധിക്കണം. ചെകുത്താന്റെ കാൽപാടുകൾ പിന്തുടരുക എന്നത് ആലങ്കാരിക പ്രയോഗമാണ്. മനുഷ്യന് അദൃശ്യനാണ് ചെകുത്താനും അവന്റെ കാൽപാടുകളും. മറഞ്ഞുനിന്ന് മനുഷ്യമനസ്സിൽ ദുർമോഹങ്ങളും ദുർവിചാരങ്ങളും ഉണർത്തുകയാണ് ചെകുത്താൻ ചെയ്യുന്നത്. ആ മോഹങ്ങൾക്കൊത്ത് ചരിക്കലാണ് ചെകുത്താന്റെ കാൽപാടുകൾ പിൻപറ്റൽ. ചിലപ്പോൾ തനിക്ക് വിധേയരായിക്കഴിഞ്ഞ ആളുകളെ ഉപയോഗിച്ചും വിശ്വാസികളിൽ ദുഷിച്ച പ്രേരണകളും പ്രചോദനങ്ങളും ചെലുത്താൻ അവൻ ശ്രമിക്കും. അത്തരം ആളുകളെ അനുസരിക്കലും ചെകുത്താന്റെ കാൽപാടുകൾ പിന്തുടരലാകുന്നു. പ്രവാചകന്റെ കാലത്ത് കപടവിശ്വാസികളായിരുന്നു ചെകുത്താന്റെ പ്രധാന പിണിയാളുകൾ. അവരാണ് അപവാദ കഥ കെട്ടിച്ചമച്ചത്. വിശ്വാസികളിൽ ചിലർ ആ കഥ പ്രചരിപ്പിക്കാൻ മുന്നോട്ടുവന്നതിലൂടെ ചെയ്തത് തങ്ങളുടെ ബദ്ധവൈരിയായ ചെകുത്താന്റെ കാൽപാടുകൾ പിൻപറ്റുകയായിരുന്നു. തന്റെ അനുയായികളോട് നല്ലതു വല്ലതും കൽപ്പിക്കുക ചെകുത്താന്റെ പ്രകൃതിയല്ല. അനാശാസ്യ നടപടികളിലേക്കും ദുർവൃത്തികളിലേക്കും മാത്രമേ അവൻ പ്രചോദിപ്പിക്കൂ.

മനസ്സിൽ ആഗ്രഹാഭിലാഷങ്ങളുടലെടുക്കുമ്പോൾ, അതുടലെടുക്കുന്നത് സന്മനസ്സിൽനിന്നാണോ ദുർമനസ്സിൽനിന്നാണോ എന്ന് സ്വയം പരിശോധിക്കണം. സന്മനസ്സിൽനിന്നുള്ളതാണെങ്കിൽ അത് ഖുർആനിൽനിന്നും പ്രവാചകനിൽനിന്നും ഉൾക്കൊണ്ട സംസ്കാരവുമായി പൊരുത്തപ്പെടുന്നതായിരിക്കും. വേദശാസനകൾക്കും പ്രവാചകസന്ദേശത്തിനും വിരുദ്ധമായ തോന്നലുകളെല്ലാം ദുർമനസ്സിൽനിന്ന്-ചെകുത്താനിൽനിന്ന്-ഉള്ളതായി മനസ്സിലാക്കി വർജിക്കണം. ഈ ഉദ്ബോധനം പൊതുവായിട്ടുള്ളതാണെങ്കിലും ഈ സന്ദർഭം മുകളിൽ അവതരിപ്പിച്ച മാർഗനിർദേശങ്ങളെ സവിശേഷം ബലപ്പെടുത്തുന്നുണ്ട്. അതായത് ആളുകളുടെ മാന്യതയെയും അഭിമാനത്തെയും സ്പർശിക്കുന്ന വിഷയങ്ങളിൽ, നിങ്ങൾക്ക് നേരിട്ടറിഞ്ഞുകൂടാത്ത വാർത്തകൾ കേൾക്കുമ്പോൾ അത് കൈക്കൊള്ളാനും കൈമാറാനും മുതിർന്നുകൂടാ. തെളിവുകളാൽ സ്ഥിരപ്പെടാത്ത വാർത്തകൾ ഊഹാധിഷ്ഠിതമാണ്. ഊഹങ്ങളേറെയും കുറ്റകരവുമാകുന്നു. ഊഹാപോഹങ്ങളെ പിന്തുടരുന്നവർ ചെകുത്താനെയാണ് പിന്തുടരുന്നത്.

وَلَوْلَا فَضْلُ اللَّهِ عَلَيْكُمْ وَرَحْمَتُهُ مَا زَكَىٰ مِنْكُمْ مِنْ أَحَدٍ أَبَدًا وَلَٰكِنَّ اللَّهَ يُزَكِّي مَنْ يَشَاءُ ۗ

എന്ന വാക്യവും സൂക്ഷ്മമമായ ഒരു മുന്നറിയിപ്പാണ്. അതായത്, മറ്റുള്ളവരുടെ മാനാഭിമാനങ്ങളെ ബാധിക്കുന്ന ഏതു ദുഷ്പ്രവാദങ്ങളും അണ്ണാക്ക് തൊടാതെ വിഴുങ്ങുകയും തദടിസ്ഥാനത്തിൽ ആരോപണവിധേയരായവരെക്കുറിച്ച് തെറ്റായ നിഗമനങ്ങളിലെത്തുകയും ചെയ്യുന്നവരെ ആ സ്വഭാവം ആത്മവഞ്ചനയിലകപ്പെടുത്തിക്കളയും. അവർ തങ്ങളെക്കുറിച്ച് അമിതമായ സദ്ഭാവന പുലർത്തുന്നു. തങ്ങൾ ഏറെ സംസ്കൃതരും സംശുദ്ധരുമാണെന്ന ഒരു ബോധം അവരെ ഗ്രസിക്കുന്നു. ഇങ്ങനെയൊരു വിചാരം തങ്ങളെ ബാധിച്ചതായി ചിലപ്പോൾ അവർ അറിഞ്ഞുകൊള്ളണമെന്നില്ല. ഉമ്മുൽ മുഅ്മിനീൻ ആഇശ(റ)യെക്കുറിച്ചുയർന്ന അപവാദ കഥ നീരസം കൂടാതെ കൈക്കൊണ്ട വിശ്വാസികളെ ഈ അദൃശ്യ വഞ്ചകനെക്കുറിച്ചോർമിപ്പിക്കുകയാണ്. നിങ്ങളിൽ ഓരോ വ്യക്തിയും മനസ്സിലാക്കിയിരിക്കേണ്ടതുണ്ട്; നിങ്ങളിലാർക്കെങ്കിലും വല്ല സംസ്കാരവും വിശുദ്ധിയും സിദ്ധിച്ചിട്ടുണ്ടെങ്കിൽ, അത് അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ടും കാരുണ്യംകൊണ്ടും മാത്രം സിദ്ധിച്ചതാണ്. അല്ലാതെ നിങ്ങളുടെ മഹത്വംകൊണ്ടോ കഴിവുകൊണ്ടോ കർമംകൊണ്ടോ സിദ്ധിച്ചതല്ല. നിങ്ങൾ ജനിച്ചതും പ്രവാചകനിൽ വിശ്വസിച്ചതും അതുവഴി ജീവിതം സംശുദ്ധമായതും നിങ്ങൾ മുഹാജിറുകളും അൻസ്വാറുകളുമായി പരിണമിച്ചതുമെല്ലാം അല്ലാഹു ഒരുവന്റെ വേണ്ടുകയാലാകുന്നു. സംശുദ്ധരും സംസ്കൃതരുമാകണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നവരാണ് സംശുദ്ധരും സംസ്കൃതരുമാകുന്നത്. അവന്റെ വേണ്ടുകയില്ലാതെ ആർക്കും ഒരു സൗഭാഗ്യവും സിദ്ധിക്കുന്നില്ല. ആകയാൽ സ്വന്തം ദൈവഭക്തിയിലും സംശുദ്ധിയിലും ആരും അതിരുവിട്ട് അഭിമാനിക്കുകയും ഊറ്റംകൊള്ളുകയും ചെയ്യേണ്ടതില്ല. വിവേചനമില്ലാതെ കേൾക്കുന്നതൊക്കെ കൈക്കൊണ്ട് അതിനെ ആധാരമാക്കി മറ്റുള്ളവരെ കൊള്ളരുതാത്തവരായി വിധിക്കുകയുമരുത്.

അല്ലാഹുവിന്റെ കനിവും കാരുണ്യവുമില്ലായിരുന്നുവെങ്കിൽ നിങ്ങളൊന്നൊഴിയാതെ ചെകുത്താന്റെ പ്രേരണയിലകപ്പെട്ട് ബഹുദൈവവാദികളും വിഗ്രഹാരാധകരുമായി മലിനപ്പെട്ടുപോകുമായിരുന്നു എന്നും ഈ വചനം വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. لَأَقْعُدَنَّ لَهُمْ صِرَاطَكَ الْمُسْتَقِيمَ (നിന്റെ സന്മാർഗത്തിൽ നിന്ന് അവരെ തടയാൻ ഞാൻ കുത്തിയിരിക്കും-7:16), ثُمَّ لَآتِيَنَّهُمْ مِنْ بَيْنِ أَيْدِيهِمْ وَمِنْ خَلْفِهِمْ وَعَنْ أَيْمَانِهِمْ وَعَنْ شَمَائِلِهِمْ ۖ (പിന്നെ അവരുടെ മുന്നിലൂടെയും പിന്നിലൂടെയും വലതുവശത്തിലൂടെയും ഇടതുവശത്തിലൂടെയും ഞാനവരിലേക്ക് ചെല്ലും-7:17), فَبِعِزَّتِكَ لَأُغْوِيَنَّهُمْ أَجْمَعِينَ (നിന്റെ പ്രതാപമാണ, അവരെയാസകലം ഞാൻ വഴിതെറ്റിക്കുകതന്നെ ചെയ്യും-38:82) എന്നിങ്ങനെ പ്രതിജ്ഞ ചെയ്തിട്ടുള്ളതാണല്ലോ ചെകുത്താൻ. സ്വന്തം പ്രതിജ്ഞ പാലിക്കാൻ ചെകുത്താൻ കിണഞ്ഞു പരിശ്രമിക്കുന്നുമുണ്ട്. എന്നിട്ടും നിങ്ങൾക്ക് അസത്യത്തിൽനിന്നും അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും മോചനം നേടാൻ സാധിച്ചത് അല്ലാഹുവിന്റെ കനിവും കാരുണ്യവും ലഭിച്ചതുകൊണ്ടുമാത്രമാണ്.

തങ്ങളെക്കുറിച്ച് ആവശ്യത്തിലേറെ മതിപ്പ് തോന്നുന്നവർക്കുള്ള ഒരോർമപ്പെടുത്തലാണ് ഈ സന്ദർഭത്തിൽ وَاللَّهُ سَمِيعٌ عَلِيمٌ എന്ന വാക്യം. അതായത്, സംശുദ്ധരെന്നു സ്വയം വിലയിരുത്തുന്നവർ മറന്നുകൂടാത്ത ഒരു കാര്യമുണ്ട്; നിങ്ങൾ പതുക്കെ പറയുന്നതും ഉറക്കെ പറയുന്നതും ഒളിച്ചുവെക്കുന്നതും വെളിപ്പെടുത്തുന്നതുമായ എല്ലാ കാര്യങ്ങളും അല്ലാഹു വ്യക്തമായി കേൾക്കുകയും അറിയുകയും ചെയ്യുന്നുണ്ട്. നിങ്ങളുടെ ധർമനിഷ്ഠയുടെയും ജീവിതവിശുദ്ധിയുടെയുമൊക്കെ യാഥാർഥ്യം അവൻ നിങ്ങളേക്കാൾ നന്നായി മനസ്സിലാക്കുന്നുണ്ട്. ■

وَلَا يَأْتَلِ أُولُو الْفَضْلِ مِنكُمْ وَالسَّعَةِ أَن يُؤْتُوا أُولِي الْقُرْبَىٰ وَالْمَسَاكِينَ وَالْمُهَاجِرِينَ فِي سَبِيلِ اللَّهِ ۖ وَلْيَعْفُوا وَلْيَصْفَحُوا ۗ أَلَا تُحِبُّونَ أَن يَغْفِرَ اللَّهُ لَكُمْ ۗ وَاللَّهُ غَفُورٌ رَّحِيمٌ ﴿٢٢﴾

22. നിങ്ങളിൽ ക്ഷേമൈശ്വര്യമുള്ളവർ അവരുടെ ബന്ധുക്കളെയും പാവങ്ങളെയും ദൈവിക സരണിയിൽ ദേശത്യാഗം ചെയ്തവരെയും സഹായിക്കുകയില്ലെന്നു ശപഥം ചെയ്തുകൂടാത്തതാകുന്നു. മാപ്പു കൊടുക്കുകയും വിട്ടുവീഴ്ച കൈക്കൊള്ളുകയുമാണവർ ചെയ്യേണ്ടത്. അല്ലാഹു നിങ്ങൾക്കു പൊറുത്തുതരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നില്ലയോ? അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാപരനും തന്നെ.

**22**

وَلَا يَأْتَلِ = ശപഥം ചെയ്യരുത് (പ്രതിജ്ഞയെടുത്തുകൂടാത്തതാകുന്നു)

أُولُو الْفَضْلِ مِنكُمْ = നിങ്ങളിൽനിന്ന് ഐശ്വര്യം, ശ്രേഷ്ഠതയുള്ളവർ وَالسَّعَةِ = വിശാലതയും (ക്ഷേമവും)

أَن يُؤْتُوا = അവർ നൽകുന്നത് (സഹായിക്കുകയില്ലെന്ന്) أُولِي الْقُرْبَىٰ = (അവരുടെ) ബന്ധുക്കളെ

وَالْمَسَاكِينَ = പാവങ്ങളെയും وَالْمُهَاجِرِينَ فِي سَبِيلِ اللَّهِ = ദൈവികമാർഗത്തിൽ ദേശത്യാഗം ചെയ്തവരെയും

وَلْيَعْفُوا = അവർ മാപ്പു കൊടു(ക്കുകയും)ക്കട്ടെ وَلْيَصْفَحُوا = വിട്ടുവീഴ്ച ചെയ്യട്ടെ (കൈക്കൊള്ളുകയുമാണ് ചെയ്യേണ്ടത്)

أَلَا تُحِبُّونَ = നിങ്ങൾ ആഗ്രഹിക്കുന്നില്ലയോ? أَن يَغْفِرَ اللَّهُ لَكُمْ = അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരുന്നത് (തരണമെന്ന്)

وَاللَّهُ غَفُورٌ = അല്ലാഹു ഏറെ പൊറുക്കുന്നവൻ(വനും) رَّحِيمٌ = ദയാപര(നും തന്നെ)നായ

ഈ സൂക്തത്തിന്റെ അവതരണ പശ്ചാത്തലം പ്രസിദ്ധമാകുന്നു. അതു സംബന്ധിച്ച ഹദീസുകളുടെ സാരമിതാണ്: ആഇശ(റ)ക്കെതിരെ ഉയർന്ന അപവാദം കേവലം കെട്ടിച്ചമക്കപ്പെട്ടതാണെന്ന് അല്ലാഹു സാക്ഷ്യപ്പെടുത്തിയതോടെ ആ പ്രശ്നം കെട്ടടങ്ങിയെങ്കിലും ആഇശ (റ) പരിശുദ്ധയാണെന്ന് നേരത്തേതന്നെ വിശ്വസിച്ചിരുന്ന ചിലർക്ക് ആ അപവാദ പ്രചാരണത്തിൽ പങ്കെടുത്തവരോടുണ്ടായ നീരസം മാഞ്ഞുപോയില്ല. അതിൽ പ്രമുഖനായിരുന്നു ആഇശയുടെ പിതാവായ അബൂബക്ർ (റ). അപവാദ പ്രചാരണത്തിൽ പങ്കാളിയായ മിസ്ത്വഹുബ്നു ഉസാസ അബൂബക്റിന്റെ പിതൃസഹോദരീപുത്രനായിരുന്നു. തീരെ ദരിദ്രരായ മുഹാജിറുകളായിരുന്നു മിസ്ത്വഹും കുടുംബവും. അവരെ സംരക്ഷിച്ചിരുന്നതും ജീവിതച്ചെലവുകൾ വഹിച്ചിരുന്നതും അബൂബക്ർ (റ) ആയിരുന്നു. ആഇശ(റ)ക്ക് എതിരെ അപവാദമുയർന്നപ്പോൾ മിസ്ത്വഹ് അതൊന്നും ഓർത്തില്ല. അദ്ദേഹം അതു പ്രചരിപ്പിക്കുന്നതിൽ രസംകൊണ്ടു. അബൂബക്റി(റ)നെ ഇതു വല്ലാതെ വേദനിപ്പിച്ചു. ആ സന്ദർഭത്തിൽ അദ്ദേഹം ഒരു ശപഥം ചെയ്തു; മേലിൽ മിസ്ത്വഹിന് താൻ സഹായവും സംരക്ഷണവും നൽകുകയില്ല എന്ന്. വേറെയും ചില പ്രവാചക ശിഷ്യന്മാർ അപവാദം പ്രചരിപ്പിച്ചവർക്ക് നൽകിയിരുന്ന സഹായങ്ങൾ നിർത്താൻ തീരുമാനിച്ചതായി ഇബ്നു അബ്ബാസ് പ്രസ്താവിച്ചിട്ടുണ്ട്. ആഇശ(റ)ക്കെതിരെ ഉയർന്ന അപവാദം തികച്ചും കള്ളമാണെന്ന് ഖുർആൻ സാക്ഷ്യപ്പെടുത്തിയപ്പോൾ മിസ്ത്വഹ് തന്റെ ചെയ്തിയിൽ ആത്മാർഥമായി പശ്ചാത്തപിച്ചു. എങ്കിലും അബൂബക്ർ (റ) തന്റെ തീരുമാനത്തിൽ ഉറച്ചു നിന്നു. ഇതാണ് ഈ സൂക്തം കൈകാര്യം ചെയ്യുന്ന വിഷയം. സത്യം, പ്രതിജ്ഞ എന്നർഥമുള്ള إلْيَة -ന്റെ മറ്റൊരു രൂപമായ ايتلاء -ൽനിന്നുള്ള വർത്തമാന ക്രിയാരൂപമാണ് يأْتل. ഇതിന്റെ ഭൂതകാല രൂപം ( ماضى ) آلَى എന്നും إئْتَلَى എന്നുമാകുന്നു. ഈ പദം അധികം ഉപയോഗിക്കാറുള്ളത് നിഷേധരൂപത്തിലുള്ള പ്രതിജ്ഞകൾക്കാണ്. സൂറ *അൽ ബഖറ* 226-ാം സൂക്തത്തിൽ വന്ന لِلَّذِينَ يُؤْلُونَ مِنْ نِسَائِهِمْ എന്ന വാക്യത്തിലെ يُؤْلُونَ -യും ايلاء -യും اِلْيَة -ൽനിന്നുള്ളതു തന്നെ. കുറവിന്റെ വിപരീതമായ കൂടുതൽ ആണ് മൗലികമായി فضل. നന്മയുടെ വർധനവിനാണ് ഇതുപയോഗിക്കാറുള്ളത്. അതിനാൽ അനുഗ്രഹം, ഐശ്വര്യം, ശ്രേഷ്ഠത, മിച്ചം, മാർജിൻ തുടങ്ങിയ പ്രയോഗാർഥങ്ങൾ ഇതിനുണ്ടായി. ദൈവാനുഗ്രഹം ലഭിച്ചവരും അത്യാവശ്യം കഴിച്ച് മിച്ചമുള്ളവരും ഐശ്വര്യമുള്ളവരും ശ്രേഷ്ഠതയുള്ളവരുമെല്ലാം ألو الفضل ആണ്. وُسْعة ന്റെ മറ്റൊരു രൂപമാണ് سعة . വിശാലതയും കഴിവുമാണ് وسعة. സമ്പന്നതക്കും സമൃദ്ധിക്കുമാണ് سعة എന്ന് ഉപയോഗിക്കാറുള്ളത്. ഈ പദം നേരത്തേ പല സൂറകളിലും വന്നിട്ടുള്ളതും അർഥം വിശദീകരിച്ചിട്ടുള്ളതുമാകുന്നു. عَفْو -ഉം صفح -ഉം ഏറക്കുറെ പര്യായ പദങ്ങളാണ്. മാപ്പാക്കൽ, വിട്ടുവീഴ്ച, നീക്കുപോക്ക്,

സാരമാക്കാതെ കണ്ണടക്കൽ തുടങ്ങിയ ആശയങ്ങളാണ് രണ്ടു പദങ്ങളും വഹിക്കുന്നത്. എങ്കിലും രണ്ടിന്റെയും അർഥത്തിൽ സൂക്ഷ്മമായ ഒരു വ്യത്യാസമുണ്ട്. രണ്ടും ഒരുമിച്ചുപയോഗിക്കുമ്പോൾ ഈ അന്തരം പ്രസക്തമാകുന്നു. ഒരാളുടെ തെറ്റ് മാപ്പാക്കുകയും ആ തെറ്റ് അർഹിക്കുന്ന ശിക്ഷ നൽകുന്നത് ഒഴിവാക്കുകയുമാണ് عَفْو . ആ തെറ്റ് കണ്ടില്ലെന്നു നടിച്ച് അതിന്റെ പേരിൽ അയാളെ ആക്ഷേപിക്കാനോ വിചാരണ ചെയ്യാനോ തുനിയാതിരിക്കുന്ന നിലപാടാണ് صفح . അറബി ഭാഷയിൽ عفوا 'ക്ഷമിക്കണം' (Excuse me) എന്ന അർഥത്തിൽ ഉപയോഗിക്കുന്നു. നന്ദിവാക്കിന് (Thank you) മറുപടിയായി No Mention എന്നർഥത്തിലും ഉപയോഗിക്കും.

സൂക്തത്തിന്റെ ആശയമിതാണ്: വിശ്വാസികൾ തങ്ങളുടെ ബന്ധുജനങ്ങളെയും പാവങ്ങളെയും, അല്ലാഹുവിന്റെ മാർഗത്തിൽ സ്വദേശം വെടിഞ്ഞ് പ്രവാസം വരിച്ചവരെയും സഹായിക്കില്ലെന്ന് ഒരു കാരണവശാലും ക്ഷേമൈശ്വര്യങ്ങളുള്ള വിശ്വാസികൾ പ്രതിജ്ഞയെടുക്കാൻ പാടുള്ളതല്ല. ഒന്നാമതായി പരസ്പര സഹായം ഒരു പുണ്യകർമമാണ്. പുണ്യകർമം നിഷേധിച്ചുകൊണ്ടുള്ള പ്രതിജ്ഞ സത്യവിശ്വാസികൾക്ക് ഭൂഷണമല്ല. രണ്ടാമതായി, സമ്പത്തും സൗകര്യവുമുള്ളവരുടെ മിച്ചധനത്തിൽ അവരുടെ ദരിദ്രരായ ബന്ധുക്കൾക്കും ബന്ധുക്കളല്ലാത്ത പാവങ്ങൾക്കും മുഹാജിറുകൾക്കുമെല്ലാം അവകാശമുണ്ട്. وَفِي أَمْوَالِهِمْ حَقٌّ لِلسَّائِلِ وَالْمَحْرُومِ (അവരുടെ സമ്പത്തിൽ ആവശ്യക്കാർക്കും ജീവിതായോധനം മുട്ടിയവർക്കും ഒരവകാശമുണ്ട്-51:19). وَآتِ ذَا الْقُرْبَىٰ حَقَّهُ وَالْمِسْكِينَ وَابْنَ السَّبِيلِ (ബന്ധുവിനും അഗതിക്കും അഭയാർഥിക്കും അവരുടെ അവകാശം നൽകണം-17:26). മിച്ചധനം പാവങ്ങൾക്ക് പങ്കുവെക്കുന്നതിലൂടെ സമ്പന്നർ ചെയ്യുന്നത് പാവങ്ങളുടെ അവകാശം വകവെച്ചുകൊടുക്കുകയാണ്. അവകാശികളുടെ അവകാശം വകവെച്ചുകൊടുക്കുന്നത് അതു വകവെച്ചുകൊടുക്കുന്നവർ ചെയ്യുന്ന ഔദാര്യമല്ല; ബാധ്യത നിർവഹിക്കലാണ്. അതുകൊണ്ട് ഇത്തരം ദാനധർമങ്ങൾക്കും സഹായങ്ങൾക്കും അതിന്റെ ഗുണഭോക്താക്കളിൽ നന്ദിപ്രകടനമോ പ്രത്യുപകാരമോ ആഗ്രഹിക്കാൻ പാടുള്ളതല്ല. പ്രത്യുപകാരവും നന്ദിപ്രകടനവും ഗുണഭോക്താക്കളുടെ ധർമവും മര്യാദയുമാണെങ്കിലും ബാധ്യത നിർവഹിക്കുന്നവരുടെ അവകാശമല്ല. إِنَّمَا نُطْعِمُكُمْ لِوَجْهِ اللَّهِ لَا نُرِيدُ مِنكُمْ جَزَاءً وَلَا شُكُورًا (ദൈവപ്രീതിക്കു വേണ്ടി മാത്രമാകുന്നു ഞങ്ങൾ നിങ്ങൾക്ക് അന്നം തരുന്നത്, നിങ്ങളിൽനിന്ന് വല്ല പ്രതിഫലമോ നന്ദിയോ ഞങ്ങൾ കാംക്ഷിക്കുന്നില്ല-76:9) എന്നായിരിക്കും അവരുടെ നിലപാട്. ധനം ആത്യന്തികമായി അല്ലാഹുവിന്റേതാണ്. അത് തൃപ്തികരമായ രീതിയിൽ കൈകാര്യം ചെയ്യാൻ തങ്ങളെ ഏൽപിച്ചിരിക്കുകയാണവൻ. ചിലരെ വളരെ കൂടുതലായി ഏൽപിച്ചിരിക്കുന്നു. ചിലരെ വളരെ കുറച്ചും. കൂടുതൽ ഏൽപിക്കപ്പെട്ടവരുടെ മിച്ചധനം കുറച്ചു മാത്രം കൊടുത്തവരുമായി പങ്കുവെക്കാൻ കൽപിക്കപ്പെട്ടിരിക്കുന്നു. وَآتُوهُم مِّن مَّالِ اللَّهِ الَّذِي آتَاكُمْ (അല്ലാഹു നിങ്ങൾക്ക് നൽകിയിട്ടുള്ള അവന്റെ ധനത്തിൽനിന്ന് നിങ്ങൾ അവർക്കു നൽകുക-24:33).

എന്നാൽ പല ആളുകളും ദാനധർമങ്ങളനുഷ്ഠിക്കുന്നത് ലോകമാന്യത്തിനു വേണ്ടിയോ ദാനം ലഭിക്കുന്നവരുടെ നന്ദിക്കും വിധേയത്വത്തിനും വേണ്ടിയോ ജനങ്ങൾക്കിടയിൽ താൻ ഇന്നിന്നവർക്കൊക്കെ ഇത്രയിത്ര കൊടുത്തു എന്നാഘോഷിച്ചു നടക്കാനോ ഒക്കെയായിരിക്കും. അത്തരം ദാനധർമങ്ങളിൽ അല്ലാഹു പ്രീതിപ്പെടുന്നില്ല. ദ്രോഹവും ഔദാര്യഘോഷണവും പിന്തുടരുന്ന ദാനധർമങ്ങൾ ദായകരെ സംബന്ധിച്ചേടത്തോളം തികച്ചും നിഷ്ഫലമാണെന്ന് ഖുർആൻ (2:264) ൽ വ്യക്തമാക്കിയിരിക്കുന്നു. അതിനാൽ നിഷ്കളങ്കരായ സത്യവിശ്വാസികൾ ദാനധർമങ്ങളിലൂടെ അത് കൈപ്പറ്റുന്നവരുടെ നന്ദിപ്രകടനമോ വിധേയത്വമോ മറ്റു തരത്തിലുള്ള പ്രത്യുപകാരമോ കാംക്ഷിച്ചുകൂടാ. തങ്ങൾ സ്വന്തം കടമ നിർവഹിച്ചു എന്ന ചാരിതാർഥ്യമേ ഇവർക്കുണ്ടാകാവൂ. എങ്കിലും തങ്ങൾക്ക് ഒരാപത്തണയുമ്പോൾ തങ്ങളുടെ സാമ്പത്തിക സഹായത്തെ അവലംബിച്ച് ജീവിക്കുന്നവർ എതിരാളികളോടൊപ്പം ചേർന്ന് ദ്രോഹിക്കുമെന്ന് ആരും പ്രതീക്ഷിക്കുകയില്ല, ഇഷ്ടപ്പെടുകയുമില്ല. അങ്ങനെയൊരനുഭവം മിസ്ത്വഹുബ്നു ഉസാസയിൽനിന്ന് ഉണ്ടായപ്പോൾ ഇനി അയാൾക്ക് താൻ ചെലവിനു കൊടുക്കില്ലെന്ന് അബൂബക്ർ ശപഥം ചെയ്തു. സാധാരണ മനുഷ്യനിൽനിന്നുണ്ടാകുന്ന ഒരു സ്വാഭാവിക പ്രതികരണമായിരുന്നു അത്. പക്ഷേ നിഷ്കളങ്ക വിശ്വാസികളിൽ പ്രഥമനും സമ്പത്തിനെക്കുറിച്ചും അതിന്റെ വിതരണത്തെക്കുറിച്ചും സവിശേഷമായ ദർശനം പുലർത്തുന്നയാളുമായ അബൂബക്ർ സിദ്ദീഖിനെ സംബന്ധിച്ചേടത്തോളം അതൊരു പതർച്ചയായിരുന്നു. അതാണിവിടെ ഖുർആൻ തിരുത്തുന്നത്.

ആളുകളിൽനിന്ന് തെറ്റുകുറ്റങ്ങളും ദ്രോഹങ്ങളും ഒക്കെയുണ്ടാവാം. സത്യവിശ്വാസികൾ അതിലൊന്നും അതിരുവിട്ട് പ്രകോപിതരാവുകയോ പ്രതികാരത്തിനൊരുമ്പെടുകയോ ചെയ്തുകൂടാ. തിന്മയെ ഏറ്റവും നന്മയായതുകൊണ്ടാണവർ തടയേണ്ടത്- ادْفَعْ بِالَّتِي هِيَ أَحْسَنُ السَّيِّئَةَ (23:96). തന്നോടു ചെയ്ത തെറ്റുകളും ദ്രോഹങ്ങളും അവർ മാപ്പാക്കണം. وليعفوا (മാപ്പാക്കുക) എന്നാൽ പ്രതികാരം ചെയ്യാതെയും ശിക്ഷിക്കാതെയുമിരിക്കുകയാണ്. അതു മാത്രം പോരാ, അങ്ങനെയൊരു തെറ്റ് അയാളിൽ ഉണ്ടായിട്ടേയില്ല എന്ന മട്ടിൽ തുടർന്നു പെരുമാറുകയും വേണം. അതാണ് وليصفحوا എന്ന വാക്കിന്റെ ആശയം. അവരോട് മുമ്പുണ്ടായിരുന്ന അനുഭാവം നിലനിർത്തുകയും മുമ്പ് നൽകിയിരുന്ന ആനുകൂല്യങ്ങൾ തുടരുകയും ചെയ്യുക അതിന്റെ താൽപര്യമാകുന്നു. അപ്പോഴാണ് തിന്മയെ ഏറ്റവും നന്മയായതുകൊണ്ട്- بالتي هي احسن - തടയൽ ആവുക.

തെറ്റുകുറ്റങ്ങൾ മനുഷ്യസഹജമാണ്. ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിലുള്ള കുറവുകൾ എല്ലാവരിലുമുണ്ടാകും. ചിലരിൽ കുറവുകൾ കൂടുതലാകും. ചിലരുടെ കുറവുകൾ ഗുരുതരമായിരിക്കും. കൂടുതലായാലും കുറവായാലും ചെറുതായാലും വലുതായാലും കുറ്റം കുറ്റം തന്നെ. അല്ലാഹു മാപ്പു തന്നില്ലെങ്കിൽ എല്ലാവരും ശിക്ഷയനുഭവിക്കേണ്ടിവരും. എല്ലാവരും അല്ലാഹുവിൽനിന്ന് മാപ്പു തേടുന്നവരാണല്ലോ. അല്ലാഹുവാകട്ടെ ഏറെ മാപ്പരുളുന്ന

വനും കരുണാമയനുമാണു താനും. പ്രപഞ്ചനാഥനായ അല്ലാഹുവിനോട് താൻ ചെയ്ത തെറ്റ് അവൻ പൊറുക്കണമെന്നാഗ്രഹിക്കുന്നവൻ തന്റെ സഹോദരൻ തന്നോട് ചെയ്ത തെറ്റ് പൊറുക്കാൻ വിസമ്മതിച്ചുകൂടാ. അതു മനുഷ്യസാഹോദര്യത്തിന്റെയും പരസ്പരമുണ്ടായിരിക്കേണ്ട കാരുണ്യത്തിന്റെയും തേട്ടമാകുന്നു. مَن لا يَرحم لا يُرحم (കരുണ ചെയ്യാത്തവർക്ക് കാരുണ്യം ലഭിക്കുകയില്ല) എന്ന് നബി (സ) പ്രസ്താവിച്ചിട്ടുണ്ട്. സഹജീവികളോട് കരുണ കാട്ടാത്തവൻ അല്ലാഹുവിന്റെ കാരുണ്യം പ്രതീക്ഷിക്കേണ്ട എന്നർഥം. തന്റെ സദ്ഗുണങ്ങൾ തന്റെ ദാസന്മാരിലും അവരുടെ സാഹചര്യത്തിനൊത്തവണ്ണം വിളങ്ങണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നു. തന്റെ ചെറുതും വലുതുമായ സകല കുറ്റങ്ങളും അല്ലാഹു പൊറുക്കണം, പക്ഷേ താൻ ആരുടെയും ഒരു കുറ്റവും പൊറുക്കുകയോ ക്ഷമിക്കുകയോ ഇല്ല എന്ന നിലപാട് അല്ലാഹുവിങ്കൽ സ്വീകാര്യമല്ല. താൻ മറ്റുള്ളവരോട് പൊറുക്കാൻ തയാറില്ലാത്ത കുറ്റം അല്ലാഹു തനിക്ക് പൊറുത്തുതരണമെന്നാഗ്രഹിക്കുന്നതിലെന്തർഥം? അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ സ്വന്തം സഹോദരന്മാരോട് പൊറുക്കാൻ തയാറാവണം എന്നാണ് أَلَا تُحِبُّونَ أَنْ يَغْفِرَ اللَّهُ لَكُمْ (അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നില്ലേ) എന്ന ചോദ്യത്തിന്റെ ധ്വനി. അന്യരുടെ തെറ്റുകൾക്ക് പ്രതികാരം ചെയ്യാനും ശിക്ഷിക്കാനും കഴിവുണ്ടായിരിക്കെ അതു ക്ഷമിക്കുന്നത് കുറച്ചിലാണെന്ന് കരുതുന്നവരെ നബി (സ) ഇങ്ങനെ തിരുത്തി: "ദാനം ധനത്തെ കുറക്കുന്നില്ല. നിങ്ങൾ ദാനം ചെയ്യുവിൻ. ഒരതിക്രമത്തിന് മാപ്പു നൽകുന്ന മനുഷ്യന്റെ അന്തസ്സ് അല്ലാഹു വർധിപ്പിക്കുക തന്നെ ചെയ്യും. അതിനാൽ നിങ്ങൾ മാപ്പു കൊടുക്കുവിൻ, അല്ലാഹു നിങ്ങൾക്ക് അന്തസ്സ് നൽകാൻ" (ഇബ്നുൽ മുൻദിർ). ഒരിക്കൽ ഒരാൾ ഒരു മദ്യപാനിയെ പ്രവാചകന്റെ മുന്നിൽ ഹാജരാക്കി. പ്രവാചകൻ അയാളെ ശിക്ഷിച്ച ശേഷം അയാളെ കൊണ്ടുവന്ന വ്യക്തിയോട് ചോദിച്ചു: "നിങ്ങൾ അയാളുടെ ആരാണ്?" അയാൾ: "പിതൃസഹോദരൻ." പ്രവാചകൻ: "നിങ്ങൾ ചെയ്തതു നന്നായില്ല. അയാളുടെ കുറ്റം മറച്ചുപിടിച്ചില്ല." തുടർന്ന് അവിടുന്ന് ഓതി: وَلْيَعْفُوا وَلْيَصْفَحُوا ۗ أَلَا تُحِبُّونَ أَنْ يَغْفِرَ اللَّهُ لَكُمْ ഒരിക്കൽ ഒരു മോഷ്ടാവിനെ കൊണ്ടുവന്നപ്പോൾ വലിയ മനഃക്ലേശത്തോടെയാണ് പ്രവാചകൻ അയാളെ ശിക്ഷിച്ചത്. ശിഷ്യന്മാർ അതേപ്പറ്റി ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞു. സ്വന്തം സഹോദരനെതിരെ ചെകുത്താന്റെ സഹായികളാകേണ്ട കാര്യം നിങ്ങൾക്കില്ല. ന്യായാധിപന്റെ മുന്നിൽ ശിക്ഷാർഹമായ ഒരു കുറ്റം സ്ഥിരപ്പെട്ടാൽ ശിക്ഷ നടപ്പാക്കേണ്ടത് അനിവാര്യമായിത്തീരുന്നു. എന്നാൽ അല്ലാഹു മാപ്പരുളുന്നവനും മാപ്പരുളാൻ ഇഷ്ടപ്പെടുന്നവനുമാണ്. അനന്തരം പ്രവാചകൻ ഓതി: وَلْيَعْفُوا وَلْيَصْفَحُوا ۗ أَلَا تُحِبُّونَ أَنْ يَغْفِرَ اللَّهُ لَكُمْ. ഈ വചനം അവതരിച്ചതോടെ അബൂബക്ർ സിദ്ദീഖ് ഉൾപ്പെടെ, അപവാദ പ്രചാരകർക്ക് സഹായം നിർത്തൽ ചെയ്തവരെല്ലാം നിലപാട് മാറ്റുകയും തങ്ങളുടെ സഹായം പുനഃസ്ഥാപിക്കാൻ തയാറാവുകയും ചെയ്തു. നബി (സ) അബൂബക്റിനെ വിളിച്ച് ഈ സൂക്തം കേൾപ്പിച്ചുകൊണ്ട് അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരണമെന്ന് ആഗ്രഹിക്കുന്നില്ലേ എന്ന് ചോദിച്ചപ്പോൾ അദ്ദേഹം ഇപ്രകാരം പ്രതികരിച്ചതായി നിവേദനമുണ്ട്: "അല്ലാഹുവാണ, നാഥാ നീ ഞങ്ങളുടെ പാപങ്ങൾ പൊറുത്തുതരണമെന്ന് തീർച്ചയായും ഞങ്ങൾ ആഗഹിക്കുന്നുണ്ട്.'' തുടർന്ന് അദ്ദേഹം മിസ്ത്വഹിന് നൽകിയിരുന്ന ആനുകൂല്യങ്ങൾ ഇരട്ടിയാക്കി പുനഃസ്ഥാപിക്കുകയും ചെയ്തു.

ഇതുമായി ബന്ധപ്പെട്ട ഒരു കർമശാസ്ത്രപ്രശ്നമുണ്ട്. ഉദ്ദേശ്യപൂർവം ചെയ്ത ശപഥം ലംഘിച്ചാൽ നിർബന്ധമായും പ്രായശ്ചിത്തം ചെയ്യണമെന്നും, പത്തു പാവങ്ങൾക്ക് ഭക്ഷണമോ വസ്ത്രമോ നൽകുക അല്ലെങ്കിൽ അടിമയെ മോചിപ്പിക്കുക അല്ലെങ്കിൽ മൂന്നു നാൾ വ്രതമനുഷ്ഠിക്കുക ആണ് പ്രായശ്ചിത്തമെന്നും *അൽമാഇദ* 89-ാം സൂക്തം അനുശാസിച്ചിരിക്കുന്നു. ഇതുപ്രകാരം ആശ്രിതർക്ക് സഹായം നൽകില്ലെന്ന് ശപഥം ചെയ്ത അബൂബക്റും (റ) കൂട്ടരും ശപഥലംഘന പ്രായശ്ചിത്തം ചെയ്യേണ്ടതല്ലേ? അതവർ ചെയ്തിട്ടുണ്ടോ? ചെയ്തു എന്ന് സ്ഥിരപ്പെടുത്തുന്ന നിവേദനങ്ങളൊന്നും കാണുന്നില്ല. ചെയ്തില്ല എന്നു സ്ഥിരപ്പെടുത്തുന്ന നിവേദനങ്ങളുമില്ല. ഖുർആൻ കൽപിച്ച കാര്യമായതുകൊണ്ട് അബൂബക്ർ (റ) അടക്കമുള്ളവർ പ്രായശ്ചിത്തം ചെയ്തിരിക്കുമെന്നാണ് ചിലരുടെ നിഗമനം. ഒരു ശപഥം അതിനേക്കാൾ ഗുണകരമായ മറ്റൊരു കാര്യത്തിനു വേണ്ടി ലംഘിക്കുന്നതിന് പ്രായശ്ചിത്തം വേണ്ടതില്ലെന്നാണ് മറ്റൊരു അഭിപ്രായം. പ്രവാചകനിൽനിന്ന് ഉദ്ധരിക്കപ്പെടുന്ന ഒരു പ്രസ്താവനയാണ് അവരുടെ പ്രമാണം. "ഒരുവൻ ഒരു ശപഥം ചെയ്ത ശേഷം അതിനേക്കാൾ ഗുണകരം മറ്റൊന്നാണെന്നു കണ്ടാൽ അവൻ ഗുണകരമായത് ചെയ്തുകൊള്ളട്ടെ. അതു തന്നെയാണവന്റെ പ്രായശ്ചിത്തം." പ്രവാചകനിൽനിന്നുതന്നെ ഉദ്ധരിക്കപ്പെട്ട മറ്റൊരു പ്രസ്താവന ഇതിനെതിരാകുന്നു. ''ഒരുവൻ ഒരു ശപഥം ചെയ്ത ശേഷം അതിനേക്കാൾ ഗുണകരം മറ്റൊന്നാണെന്ന് കണ്ടാൽ ഗുണകരമായത് പ്രവർത്തിക്കുകയും ശപഥലംഘനത്തിന് പ്രായശ്ചിത്തമനുഷ്ഠിക്കുകയും ചെയ്തുകൊള്ളട്ടെ" എന്നാണത്. *അൽബഖറ*: 224, *അൽമാഇദ*: 89 സൂക്തങ്ങളെയും പ്രവാചകന്റെ രണ്ടു പ്രസ്താവനകളെയും സംയോജിപ്പിച്ചുകൊണ്ടുള്ള വ്യാഖ്യാനം ഇങ്ങനെയാണ്: "ശപഥലംഘനത്തിനുള്ള പ്രായശ്ചിത്തം മേൽപറഞ്ഞ സൂക്തങ്ങളിൽ പറഞ്ഞതുതന്നെയാണ്. ഒരു ശപഥം ചെയ്തിട്ട് അതിനേക്കാൾ ഗുണകരം മറ്റൊന്നാണെന്ന് മനസ്സിലായാൽ കൂടുതൽ ഗുണകരമായത് സ്വീകരിക്കുക ഗുണകരമല്ലാത്ത ശപഥം ചെയ്തതിനുള്ള പ്രായശ്ചിത്തമാണ്. ശപഥ ലംഘനത്തിനുള്ള പ്രായശ്ചിത്തം ഖുർആൻ അനുശാസിച്ച വിധം വേറെ തന്നെ അനുഷ്ഠിക്കണം.'' ■